കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്-2010-11 വർഷത്തിൽ പദ്ധതി മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി വെള്ളാരമുണ്ട വായനശാലക്കു കെട്ടിട നിർമാണം- സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).2315/16/തസ്വഭവ തിരുവനന്തപുരം, തീയതി,30.07.2016**

==============================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 25.04.2016 തീയതിയിലെ 8345/ഡിപി3/15/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

നിലമ്പൂർ ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് 2010-11 സാമ്പത്തിക വർഷം 2,84,152/- രൂപ ചെലവഴിച്ച് വെള്ളാരമുണ്ട ധന്യ യൂത്ത് ക്ലബ് വായനശാല കെട്ടിടം എന്ന പദ്ധതി നടപ്പാക്കുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ പ്രതിപാദിക്കുന്ന 4-ാം പട്ടിക പ്രകാരം സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്തതിനാലും, 11-ാം പദ്ധതിയിലെ സബ്സിഡി മാനദണ്ഡം പ്രതിപാദിച്ചിട്ടില്ലാത്ത മറ്റൊരിനത്തിനു സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന കാരണത്താലും, മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായ മേല്പറഞ്ഞ പദ്ധതിക്കായി ചെലവഴിച്ച തുക പെർഫോമൻസ് ആഡിറ്റ് തടസ്സപ്പെടുത്തുകയും സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

(2) പൊതുജനങ്ങളിൽ നിന്നുള്ള അഭ്യർത്ഥനയുടെയും സമ്മർദ്ദങ്ങളുടെയും ഫലമായാണ് വായനശാല കെട്ടിടം നിർമ്മിക്കാൻ ഇടയായതെന്നും, നിലമ്പൂർ മേഖലയുടെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്തും ടി പ്രവൃത്തിയിൽ സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നതും പരിഗണിച്ച് സർക്കാർ സാധൂകരണം ലഭ്യമാക്കാവുന്നതാണെന്നു ഗ്രാമവികസന കമ്മീഷണർ പരാമർശ കത്തിലൂടെ അറിയിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ വെള്ളാരമുണ്ട ധന്യ യൂത്ത് ക്ലബ് എന്ന സ്ഥാപനത്തിന് വായനശാല കെട്ടിടം നിർമ്മിക്കുന്നതിന്

2,84,152/- ചെലവഴിച്ച പദ്ധതി ഒരു പൊതു ആവശ്യത്തിനായി സദുദ്ദേശത്തോടെയാണ് ഏറ്റെടുത്തത് എന്നത് പരിഗണിച്ച് കൺവീനർക്ക് അധികമായി നൽകിയ 16,517/- രൂപ ഒഴിവാക്കി 2,67,635/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു. കൺവീനർക്ക് അധികമായി നൽകിയ തുക തിരികെ ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അടിയന്തിരമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡി. സന്തോഷ്**
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, നിലമ്പൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്